LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അതിരപ്പിള്ളിയിലെ ടൂറിസം ഫെസിലിറ്റേഷൻ സെന്ററിന്റേയും (യാത്രി നിവാസ്) കാർ റോപ്പ് വേയുടെയും നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പ്രസ്തുതപദ്ധതി നടപ്പിലാക്കുന്നതിന് വനം വകുപ്പിന്റെ അനുമതിയും ലഭ്യമാകേണ്ടതുണ്ട്.

(ബി) മുൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന അതിരപ്പിള്ളി കാലടി-മലയാറ്റൂർ ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് 24-6-2013-ലെ 5133/2013/ടൂറിസം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു.

പാതിരാമണൽ ടൂറിസം പ്രോജക്ട്

380 (1070) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല മുഹമ്മ ഗ്രാമപഞ്ചായത്തിലെ പാതിരാമണലിന്റെ ടൂറിസം സാധ്യതകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിനും പരിസ്ഥിതി സൗഹൃദ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ബി) എത്ര നാളിനുള്ളിൽ പാതിരാമണൽ ടൂറിസം പദ്ധതി നടപ്പിലാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേർത്തല മുഹമ്മ ഗ്രാമപഞ്ചായത്തിലെ പാതിരാമണൽ ടൂറിസം സാധ്യതകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിനും പരിസ്ഥിതി സൗഹൃദ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 'Destination Development of Pathiramanal Bio Park' എന്ന പേരിലുള്ള ഒരു ടൂറിസം പദ്ധതി 29-3-2008-ൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ ആരംഭിച്ചിരുന്നു. എന്നാൽ പരിസ്ഥിതി പ്രവർത്തകരുടെ എതിർപ്പും ബഹു. കോടതി വിധിയെ

തുടർന്നും പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെടുകയുണ്ടായി. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ ഇതിനായി അനുവദിച്ച 400 ലക്ഷം രൂപയിൽ ചെലവഴിക്കാത്ത 350 ലക്ഷം രൂപ കേന്ദ്ര ടൂറിസം വകുപ്പിന്റെ കർശന നിർദ്ദേശത്തിന് വിധേയമായി തിരിച്ചടയ്ക്കുകയുണ്ടായി.

(ബി) ബഹു. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതി വിധിക്ക് വിധേയമായി മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

381 (1071) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതികൾക്ക് അനുമതി നൽകിയത് എന്നാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ;

(സി) നിർമ്മാണം ആരംഭിക്കുവാൻ നിർവ്വഹണ ഏജൻസിക്ക് അടിയന്തര നിർദ്ദേശങ്ങൾ നൽകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന മീൻപിടിപ്പാറ പദ്ധതിക്ക് 20-5-2014-ലും പൊങ്ങൻപാറ പദ്ധതിക്ക് 23-5-2014-ലും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതികൾ 2 പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും കരാറുകാർ ആരും തന്നെ എടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് കാലതാമസം ഉണ്ടായത്. പിന്നീട് നടത്തിയ ടെൻഡർ നടപടിയിൽ ക്വട്ടേഷൻ നൽകിയ കരാറുകാരുമായി എഗ്രിമെന്റ് വയ്ക്കുകയും മീൻപിടിപ്പാറയിൽ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൊങ്ങൻപാറ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ താമസംവിനാ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly